THURSDAY 04.07.2024 വ്യാഴാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ



## FARM INFORMATION BUREAU

Agriculture Development and Farmer’s Welfare Department

GOVERNMENT OF KERALA

Chief Editor : ASA S KUMAR Editor : Dr BINU HARRIET IVAN

Farm Information Bureau, Kowdiar, Thiruvananthapuram – 695003
Website : fibkerala.gov.in; E-mail : piofibvm@gmail.com, fibnewstvm@gmail.com
Telephone : 0471 – 2318186, 2317314

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 04/07/2024

1. കൃഷി വകുപ്പ് സംഘടിപ്പിക്കുന്ന ഞാറ്റുവേല ചന്തയുടെയും കർഷക സഭകളുടെയും സമാപന സമ്മേളനത്തോടനുബന്ധിച്ച് കാർഷിക പ്രദർശന വിപണന മേള തിരുവനന്തപുരം പൂജപ്പുര സരസ്വതി മണ്ഡപത്തിൽ നടക്കുന്നു. . ഞാറ്റുവേല ചന്തയുടെയും കർഷക സഭകളുടെയും സമാപന സമ്മേളനം ഇന്ന് (ജൂലൈ 4) വൈകുന്നേരം 5 മണിക്ക് വിദ്യാഭ്യാസ തൊഴിൽ വകുപ്പ് മന്ത്രി വി. ശിവൻകുട്ടിയുടെ അധ്യക്ഷതയിൽ കൃഷി വകുപ്പ് മന്ത്രി പി. പ്രസാദ് ഉദ്ഘാടനം ചെയ്യുന്നു. ഭക്ഷ്യ സിവിൽ സപ്ലൈസ് വകുപ്പ് മന്ത്രി അഡ്വ. ജി. ആർ. അനിൽ, മേയർ ആര്യ രാജേന്ദ്രൻ, എം.പി. ഡോ. ശശിതരൂർ, ഡെപ്യൂട്ടി മേയർ പി.കെ. രാജു, വാർഡ് കൗൺസിലർ വി.വി. രാജേഷ് എന്നിവർ പങ്കെടുക്കുന്നു.

2. സംസ്ഥാന ഹോൾട്ടികൾച്ചർ മിഷൻ രാഷ്ട്രിയ കൃഷി യോജന പദ്ധതിയിൽ ഉൾപ്പെടുത്തി 100 കൂൺഗ്രാമങ്ങൾ രൂപീകരിക്കുന്നതിന് ധനസഹായം നൽകുന്നു. 100 ചെറുകിട കൂൺ ഉത്പാദന യൂണിറ്റുകളും 2 വൻകിട കൂൺ ഉത്പാദന യൂണിറ്റുകളും 1 കൂൺ വിത്തുൽപ്പാദന യൂണിറ്റും 3 കൂൺ സംസ്കരണ യൂണിറ്റുകളും 2 പായ്ക്ക് ഹൗസുകളും 10 കമ്പോസ്റ്റ് ഉൽപ്പാദന യൂണിറ്റുകളും ചേർന്നതാണ് ഒരു സമഗ്ര കൂൺ ഗ്രാമം. ഇത്തരം 100 കൂൺ ഗ്രാമങ്ങൾ സ്ഥാപിക്കുന്നതാണ്. ചെറുകിട കൂൺ ഉത്പാദന യൂണിറ്റ്, വൻകിട കൂൺ ഉത്പാദന യൂണിറ്റ്, കൂൺ വിത്തുൽപാദന യൂണിറ്റ് എന്നിവയ്ക്ക് 40 ശതമാനം നിരക്കിലും കമ്പോസ്റ്റ് ഉത്പാദന യൂണിറ്റ്, പായ്ക്ക് ഹൗസ് യൂണിറ്റ്, കൂൺ സംസ്കരണ യൂണിറ്റ് എന്നി വയ്ക്ക് 50 ശതമനം നിരക്കിലും സബ്സിഡി നൽകുന്നതയിരിക്കും. കേരളത്തിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ (ഗ്രാമ പഞ്ചായത്ത്, ബ്ലോക്ക് പഞ്ചായത്ത്, കോർപ്പറേഷൻ, മുനിസിപ്പാലിറ്റികൾ) ജില്ലാ ഹോർട്ടികൾച്ചർ മിഷൻ മുഖേന പദ്ധതി നടപ്പിലാക്കുന്നു. പദ്ധ

തിയ്ക്കായുള്ള അപേക്ഷകൾ AIMS Portal മുഖേന ഓൺലൈനായി സമർപ്പിക്കാവുന്നതാണ്.

3. കേരള കാർഷിക സർവകലാശാലയ്ക്ക് കീഴിലുള്ള വിവിധ കോളേജുകളിൽ/ കേന്ദ്രങ്ങളിൽ 2024-25 അധ്യയന വർഷത്തേക്ക് Ph. D, Masters, Integrated programme, PG Diploma, Diploma.കോഴ്സുകളിലേക്ക് അപേക്ഷകൾ സമർപ്പിക്കാനുള്ള അവസാന തീയതി 07.07.2024 വരെയായി ദീർഘിപ്പിച്ചിരിക്കുന്നു. വിശദവിവരങ്ങൾക്ക് www.admissions.kau.in എന്ന വെബ്സൈറ്റ് സന്ദർശിക്കുക. കൂടുതൽ അന്വേഷണങ്ങൾക്ക് 0487 2438139, 2438143 എന്നീ ഫോൺ നമ്പരുകളിൽ ബന്ധപ്പെടുക.

4. സർക്കാർ പൊതുമേഖലാ സ്ഥാപനമായ സംസ്ഥാന പൗൾട്രി വികസന കോർപ്പറേഷന് (കെപ്കോ) കീഴിൽ പ്രവർത്തിക്കുന്ന മുട്ടക്കോഴി വളർത്തൽ കേന്ദ്രത്തിൽ നിന്നും ഉൽപ്പാദിപ്പിക്കുന്ന ഗുണമേന്മയുള്ള ഒരു ദിവസം പ്രായമായ ബി. വി-380 ഇനത്തിൽപ്പെട്ട മുട്ടക്കോഴിക്കുഞ്ഞുങ്ങൾ വിൽപ്പനയ്ക്ക്. ആവശ്യമുള്ളവർ, രാവിലെ 10.00 മണിമുതൽ വൈകുന്നേരം 5.00 മണിവരെ 9495000915 എന്ന നമ്പരിൽ ബന്ധപ്പെടേണ്ടതാണ്.

5. റബ്ബർകർഷകർക്ക് ന്യായമായ വില ലഭ്യമാക്കുക എന്ന ഉദ്ദേശ്യത്തോടെ കേരളസർക്കാർ നടപ്പാക്കിവരുന്ന റബ്ബറുത്പാദന പ്രോത്സാഹന പദ്ധതിയുടെ പത്താം ഘട്ടം ആരംഭിച്ചു. കേരളത്തിലെ കർഷകർ ഉത്പാദിപ്പിക്കുന്ന റബ്ബറിന് (ആർഎസ്എസ് 4) കിലോഗ്രാമിന് കുറഞ്ഞത് 180 രൂപ ഉറപ്പാക്കുന്നതാണ് ഈ പദ്ധതി. നിലവിൽ പദ്ധതിയിൽ അംഗങ്ങളാകാത്ത കർഷകർക്ക് നവംബർ മുപ്പത് വരെ രജിസ്റ്റർ ചെയ്യാൻ അവസരമുണ്ടായിരിക്കുന്നതാണ്. ഇതിനായി നിശ്ചിത ഫോറത്തിൽ അടുത്തുള്ള റബ്ബറുത്പാദക സംഘത്തിൽ അപേക്ഷ നൽകണം. അപേക്ഷയോടൊപ്പം അപേക്ഷകന്റെ

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

ഫോട്ടോ, ടാപ്പുചെയ്യുന്ന റബ്ബർ നിൽക്കുന്ന സ്ഥലത്തിന്റെ തന്നാണ്ട് കരം അടച്ച രസീത്, ബാങ്ക് പാസ്ബുക്കിന്റെയും ആധാർ കാർഡിന്റെയും കോപ്പി എന്നിവ ഹാജരാക്കണം. എല്ലാ ഗുണഭോക്താക്കളും 2024-25 വർഷത്തെ ഭൂനികുതി അടച്ച രസീത് സമർപ്പിച്ച് രജിസ്ട്രേഷൻ പുതുക്കേണ്ടതാണ്. ധനസഹായത്തിനായി സമർപ്പിക്കുന്ന സെയിൽസ് ഇൻവോയ്സുകൾ/ബില്ലുകൾ സാധുവായ ലൈസൻസുള്ള ഒരു ഡീലറിൽ നിന്നുള്ളതായിരിക്കണം. ഡീലർമാർ നിയമപരമായി വേണ്ട റിട്ടേണുകൾ എല്ലാം സമർപ്പിക്കുന്നവരുമായിരിക്കണം. കൂടുതൽ വിവരങ്ങൾക്ക് അടുത്തുള്ള റബ്ബർബോർഡ് ഓഫീസുമായി ബന്ധപ്പെടുക.

**പരിശീലന പരിപാടി**

6. മലപ്പുറം കൃഷിവിജ്ഞാന കേന്ദ്രം എസ്.സി.എസ്.പി പദ്ധതിയുടെ ഭാഗമായി പട്ടികജാതി വിഭാഗത്തിൽപെട്ടവർക്കായി ‘‘നഴ്സറി മാനേജ്മെന്റ്- ബഡ്ഡിങ്, ഗ്രാഫ്റ്റിങ്, ലെയറിങ് എന്ന വിഷയത്തിൽ രണ്ടു ദിവസത്തെ സൗജന്യ പരിശീലനം നൽകുന്നു. 2024 ജൂലൈ എട്ട്, ഒമ്പത് തീയതികളിൽ രാവിലെ 10 മണി മുതൽ ഉച്ചയ്ക്ക് രണ്ടു മണി വരെ തവനൂർ കൃഷി വിജ്ഞാന കേന്ദ്രത്തിലാണ് പരിശീലനം. പങ്കെടുക്കാൻ താല്പര്യമുള്ളവർ 2024 ജൂലൈ ആറിനു മുമ്പായി 8547193685/ 8281544280 എന്നീ നമ്പറുകളിൽ വിളിച്ചു രജിസ്റ്റർ ചെയ്യണം. ക്ലാസിനു വരുമ്പോൾ ആധാർ കാർഡ്, ജാതി സർട്ടിഫിക്കറ്റ് എന്നിവ ഹാജരാക്കണം.